

# അഴീക്കോടിൻെറ ആത്മകഥ

സുകുമാർ അഴീക്കോട്



ഞാനെഴുതിയ പ്രധാന കൃതികളുടെ മുൻപന്തിയിൽ നിൽക്കുന്നുവെന്ന് എല്ലാവരും സമ്മതിക്കുന്നുവെന്ന് ഞാൻ കരുതുന്ന 'തത്ത്വമസി' രചിച്ചിട്ട് കൊല്ലം 25 കഴിഞ്ഞു; എൻെറ ആദ്യ കൃതിയായ 'ആശാൻെറ സീതാകാവ്യം' പ്രസിദ്ധീകരിച്ചിട്ട് ആറ് പതിറ്റാണ്ട് ആകാറുമായി. ഈ കണക്ക് മാത്രംവെച്ച് ആലോചിക്കുമ്പോൾ ഞാൻ സാഹിത്യത്തിലെ ഒരു പ്രാചീന ജീവിയാണെന്ന് എനിക്കും തോന്നിപ്പോകുന്നു.

ഇപ്പോൾ സമയക്കുറവുകാരണം ലേഖന സമാഹാരങ്ങൾ ഇറക്കുവാനേ കഴിയുന്നുള്ളൂ. പുസ്തകമെഴുതാനാവശ്യമായ നേരം കിട്ടുമെങ്കിൽ, മേല്പറഞ്ഞ കൃതികളുടെ അടുത്തുവെക്കാവുന്ന രണ്ടുമൂന്നെണ്ണമെങ്കിലും എഴുതാൻ എനിക്ക് കഴിയും. സംശയമേ ഇല്ലാതെ പറയുകയാണ്. മനസ്സിൽ തെളിഞ്ഞുകാണുന്ന മൂന്ന് മണ്ഡലങ്ങളിൽ സാഹിത്യത്തിൻെറയും ഭാരതീയ സംസ്കാരത്തിൻെറയും മഹാത്മാവിൻെറ കർമസന്ദേശത്തിൻെറയും ശബളപതാകകൾ ഉയർന്നുപാറുന്നുണ്ട്. ഈ കൊടികൾ തമ്മിൽ വരകളുടെയും നിറങ്ങളുടെയും ചെറിയ വ്യത്യാസമേ കാണാനാവുകയുള്ളൂ. ഇപ്പോൾ സാഹിത്യത്തിൻെറയും ചിന്തയുടെയും പിൻബലത്തോടെ, എനിക്ക് സുപരിചിതമായ സമൂഹ സേവനത്തിൻെറ ചെറിയ ജോലികൾ ചെയ്തുവരുന്നു. സാഹിത്യത്തെയും തത്ത്വചിന്തയെയും തീരെ ഉപേക്ഷിക്കാൻ എനിക്കാവില്ല.


# തത്ത്വമസിയുടെ കാൽനൂറ്റാണ്ട്

എൻെറ ജീവിതത്തിൽ നേരത്തെത്തന്നെ എഴുതാൻ നിശ്ചയിക്കപ്പെട്ട ഗ്രന്ഥമാണ് 'തത്ത്വമസി'. എങ്കിലും ഗ്രന്ഥരചനയെസംബന്ധിച്ച് ഏറെക്കാലമായി ഉള്ളിൽക്കിടന്ന ചിന്തയ്ക്ക് ഒരു ഉന്ത് കൊടുത്ത് അതിനെ ചലിപ്പിച്ചത് എം.ടി. വാസുദേവൻനായരും എൻ.പി. മുഹമ്മദുമാണെന്നത് മറക്കാൻ പറ്റില്ല. ഉപനിഷത്തുക്കളെക്കുറിച്ച് മലയാളത്തിൽ ഒരു നല്ല പഠനം വരികയാണെങ്കിൽ അത് കച്ചവടനോട്ടത്തിലും വിജയിക്കുമെന്ന എം.ടി.യുടെ അഭിപ്രായം പിന്നീട് പ്രവചനംപോലെ ഫലിച്ചു. അന്ന് ക്ലാസിക് ബുക് ട്രസ്റ്റ് ആദ്യപതിപ്പ് പ്രസിദ്ധീകരിച്ച ആ കൃതി ഇരുപത്തിയഞ്ച് പതിപ്പ് കഴിഞ്ഞ് ഇപ്പോഴും മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ചുവരുന്ന ഈ പുസ്തകത്തിൻെറ രജതജൂബിലിപ്പതിപ്പ് എത്ര കമനീയമാണോ അത്രയും അർഥപൂർണവുമാക്കാൻ രവി ഡി.സിക്ക് കഴിഞ്ഞു. പുറംകവറിന് ചോടെയുള്ള കനത്ത ചട്ടയിൽ പതിച്ച വൃത്താകൃതിയിലുള്ള ഒരു കണ്ണാടി വെളിയിൽ കാണത്തക്കവിധത്തിൽ സംവിധാനം ചെയ്ത പ്രത്യേക പതിപ്പാണ് അത്. ശ്രീനാരായണൻെറ കണ്ണാടി പ്രതിഷ്ഠ പോലുള്ള ഒരു കണ്ണാടി പ്രയോഗമാണത്. കണ്ണാടിയിലെ പ്രതിബിംബത്തിൽനിന്ന് വസ്തുവിൻെറയും പ്രതിബിംബത്തിൻെറയും ഐക്യം പഠിക്കാമെന്ന വേദാന്ത ചിന്തയാണ് ഈ കവർ ഡിസൈനിങ്ങിൽ പ്രസാധകർ ഉപയോഗിച്ചത്. കണ്ണാടി നൽകുന്ന പാഠത്തിൻെറ വിപുലീകരണം ആണ് 'തത്ത്വമസി'. ഗ്രന്ഥകാരൻെറ ചിന്തയെ വിശദീകരിക്കുന്ന മട്ടിൽ ഗ്രന്ഥം പ്രസാധനം ചെയ്യുന്നതിന് ഇതുപോലൊരുദാഹരണം വേറെ കണ്ടിട്ടില്ല. പക്ഷേ, എന്നോട് ചോദിച്ച് ചെയ്തതല്ല ആ കവർ എന്നുകൂടി പറയട്ടെ.

ഈ പതിപ്പിൻെറ പ്രകാശനം 2009 മെയ് 25-ന് കോഴിക്കോട് നടന്നപ്പോൾ എൻ.പി.യെ ഓർത്തുകൊണ്ട് എം.ടിയെ ക്ഷണിക്കുകയും അദ്ദേഹം കർമത്തിൽ സംബന്ധിക്കുകയും ചെയ്തു. ആത്മകഥ എഴുതണമെന്ന് എം.ടി. അന്ന് പ്രസംഗത്തിനിടയിൽ എന്നോട് അഭ്യർഥിച്ചത് സദസ്സ് സസന്തോഷം സ്വീകരിക്കുകയുണ്ടായി. എൻെറ രണ്ട് അതിപ്രധാന രചനകൾക്ക് വാസുദേവൻ നായരാണ് പ്രചോദകനായിരുന്നത് എന്ന് കൃതജ്ഞതയോടെ സ്മരിച്ചുകൊള്ളുന്നു.

'തത്ത്വമസി' പോലുള്ള ഒരു പുസ്തകം കേരളത്തിൻെറ തത്ത്വചിന്താപരമായ മൂർധന്യാഭിലാഷങ്ങളിൽ ഒന്നായിരുന്നു. ശ്രീശങ്കരൻ പിറന്ന ദേശത്ത് ശങ്കരദർശനത്തിന് ആധാരമായ ഉപനിഷത്തുകളുടെ ഉള്ളറിവ് ജനങ്ങൾക്ക് നൽകാൻ ഏറെക്കാലം കഴിഞ്ഞ് ശ്രീനാരായണൻ അവതരിക്കേണ്ടിവന്നു. 'ഉപനിഷദുക്തിരഹസ്യം' ഓർത്തിടാനാണ് ഗുരു അനർഘമായ 'ആത്മോപദേശശതകം' രചിച്ചത്. 'അദ്വൈത ദീപിക', 'വേദാന്തസൂത്രം', 'അറിവ്' തുടങ്ങിയ കൃതികളും ആർഷ ചിന്താ സംബന്ധമാണ്. ഉപനിഷത്തുകളുടെ സാരസർവമായ നാല് മഹാവാക്യങ്ങളെ ഗുരു 'ബ്രഹ്മവിദ്യാപഞ്ചക'ത്തിൽ ശാർദൂലവിക്രീഡിതത്തിൻെറ ഒരീരടിയിൽ, ഒന്നാകെ മാലയായി ചേർത്ത് ഒതുക്കിവെച്ചു. 'നിർവൃതി' പഞ്ചകത്തിൽ മുനി എത്തിച്ചേർന്നത് 'തത്ത്വമസി' ചൂണ്ടിക്കാട്ടുന്ന പരമപദത്തിലാണെന്ന് പറഞ്ഞു.

'തത്ത്വമസി'യുടെ കവർ




പക്ഷേ, ശ്രീനാരായണൻെറ ഔപനിഷദപര്യടനങ്ങൾ പദ്യരൂപത്തിലായത് അവയുടെ വ്യാപ്തിക്ക് ചെറിയ തടസ്സമുണ്ടാക്കിയിരിക്കാം. ചരിത്രപരവും താരതമ്യാത്മകവുമായ പഠനങ്ങൾ ഗദ്യത്തിൽ ഇക്കാലമത്രയായിട്ടും ഉണ്ടായില്ല. വേദോപനിഷൽസാഹിത്യത്തിൽ പൂർവസമ്പ്രദായപ്രകാരം അഗാധജ്ഞാനം ആർജിച്ച പണ്ഡിതന്മാർപോലും ഉപനിഷത്തിൻെറ അദ്വിതീയതയെ സമഗ്രമായി അപഗ്രഥനം ചെയ്യുന്ന ഗ്രന്ഥങ്ങൾ രചിച്ചുതന്നില്ല. കേരള ബ്രാഹ്മണരുടെ വിശിഷ്ട പൈതൃകമായിരുന്ന ഈവക ഗ്രന്ഥങ്ങളെ രഹസ്യമായി വെക്കുന്നതിലാണ് അവർ നൂറ്റാണ്ടുകൾതോറും നിഷ്കർഷ കാട്ടിയത്. ആധുനിക ഘട്ടത്തിൽ ആഗമാനന്ദസ്വാമികൾ, ജ്ഞാനാനന്ദ സ

രസ്വതി തുടങ്ങിയവർ പരമ്പരാഗതങ്ങളായ വൈദികകൃതികളെയും ഭഗവദ്ഗീതാ ബ്രഹ്മസൂത്രാദികളെയും ഭാഗവതാദിപുരാണങ്ങളെയും ഒരേ ദൃഷ്ടിയിലൂടെയാണ് നോക്കിക്കണ്ടത്. ആർഷം, ഹൈന്ദവം എന്നിവയെ പര്യായങ്ങളെന്നോണം അവർ എടുത്തുപെരുമാറി. മുൻ തലമുറയിൽപ്പെട്ട വൈദികവിദ്വൽപ്രകാണ്ഡമെന്ന് അറിയപ്പെട്ട ഏർക്കര രാമൻ നമ്പൂതിരിയുടെ 'ആമ്നായമഥനം' മുതലായ കൃതികളും പഴയ വഴിവിട്ട് വ്യതിചലിക്കുന്നത് ഇഷ്ടപ്പെട്ടില്ല.

ഈ അനിവാര്യമായ വ്യതിയാനപ്രവണത രാജാറാം മോഹൻറോയിയാണ് നമുക്കിടയിൽ ഉദ്ഘാടനം ചെയ്തത്. വിവേകാനന്ദ സ്വാമികൾ ഉപനിഷത്തിൻെറ സന്ദേശം നചികേതസ്സിലൂടെ ഉന്മിഷിതമായ 'എഴുന്നേല്ക്കുക', 'ഉണരുക' എന്ന ഉദ്ബോധനമാണെന്ന് ഉദ്ഘോഷണം ചെയ്തു. ദയാനന്ദനും ശ്രീ അരവിന്ദനും ആർഷ ചിന്തയെ നവഗാംഭീര്യത്തോടെ അവതരിപ്പിച്ചു. ആ നവോത്ഥാനശൈലിയിൽ കേരളീയരെ ഉണർത്താൻ ഉദ്യമിച്ചവരിൽ പ്രാതഃസ്മരണീയൻ വാഗ്ഭടാനന്ദഗുരുദേവനാണ്. ഗുരുദേവൻെറ 'ആത്മവിദ്യ' ഉപനിഷത്തിലാണ് ആത്മാവിൻെറ വിദ്യ നിക്ഷേപിച്ചിട്ടുള്ളതെന്ന് എൻെറ ബാല്യഹൃദയത്തിൽ ആഴത്തിൽ കൊത്തിവെച്ചു. മേലോട്ടുയർന്നു ചാടാനുള്ള പൊട്ടാത്ത പലകയായിരുന്നു ആ പുസ്തകം. ഹൈന്ദവ പൈതൃകത്തിലെ തുച്ഛവും സ്വച്ഛവുമായ ഭിന്നവശങ്ങളെ വേർതിരിച്ചുകാണാനുള്ള കണ്ണ് എന്നിൽ തെളിഞ്ഞുവന്നത് ഈ മട്ടിലാണ്. ഭാരതത്തിൽ അടുത്ത കാലത്ത് ഹൈന്ദവ വർഗീയത ഇന്ത്യക്കാരെ തമ്മിൽതല്ലിക്കാൻ നടത്തുന്ന പരിപാടികളെ ഇടതടവില്ലാതെ എതിർക്കാൻ എനിക്ക് വീറും വീര്യവും തരുന്നത് ഇതൊക്കെയാണ്.

ഗുരുദേവൻെറ ആത്മവിദ്യാസംഘത്തിൻെറ വേദികൾ എൻെറ ഉപനിഷൽപ്രേമം പ്രകടിപ്പിക്കുന്നതിന് അരങ്ങൊരുക്കിത്തന്നു. അക്കാലത്ത് ഗുരുവായൂരിൽ രണ്ടു ദശാബ്ദത്തോളം നടത്തിവന്നിരുന്ന ഹിന്ദു മത സംസ്കാര സമ്മേളനങ്ങളിൽ ചെയ്ത പ്രസംഗങ്ങളിൽ മിക്കതും ഔപനിഷദ സന്ദേശത്തെ ഉൾക്കൊണ്ടവയാണ്. അക്കാലത്തെയും ഇക്കാലത്തെയും സംസ്കൃത പണ്ഡിതന്മാരിൽ നിന്ന് വ്യത്യസ്തമായ ഒരു വളർച്ചയായിരുന്നു ഇത്. സംസ്കൃത വിദ്വത്ത്വം എന്നുവെച്ചാൽ വ്യാകരണത്തിലോ കാവ്യനാടകാദികളിലോ പുരാണേതിഹാസങ്ങളിലോ ശ്രുതിസ്മൃതികളിലോ ഒക്കെയാണെന്ന വളരെ ആംശികവും സങ്കുചിതവുമായ ഒരു കാഴ്ചപ്പാടിനെ അംഗീകരിച്ച ഒരു സമൂഹത്തിൽ സംസ്കൃതം ഒരു വിശിഷ്ട ചിന്തയുടെ ഭാഷയാണെന്ന് പ്രചരിപ്പിക്കാൻ ഞാൻ മുതിർന്നു. അതുകൊണ്ട് പൊതുവെ എൻെറ പ്രതിരൂപം സംസ്കൃത പണ്ഡിതൻേറതായിത്തീർന്നില്ല. എന്നെ ചിലർ, വിശേഷിച്ച് സ്വാഗത പ്രാസംഗികർ, പണ്ഡിതൻ എന്നൊക്കെ വിശേഷിപ്പിക്കാറുണ്ടെന്നുള്ളത് എന്നെ അലോസരപ്പെടുത്താറില്ല. ഷോപ്പൻ ഹോവർ, മാക്സ്മുള്ളർ, ഡോയ്സ്സൻ, ബാർത്ത്, ഹ്യൂം, ഓട്ടോ, കീത്ത് തുടങ്ങിയ പാശ്ചാത്യരായ ഭാരതീയാഭിജ്ഞരുടെ ചിന്തകൾ പരിചയപ്പെട്ടതുകൊണ്ട് ഉപനിഷത്തിനെ വിശ്വചിന്തയുടെ നടുവിൽവെച്ച് പഠിക്കാനും പരിശോധിക്കാനും എനിക്ക് അവസരം കിട്ടി. ഇവർക്കിടയിൽ ഞാൻ അങ്ങേയറ്റം ആദരിക്കുകയും അവലംബിക്കുകയും ചെയ്ത ചിന്തകൻ ജർമൻ പ്രൊഫസറായ പോൾ ഡോയിസ്സൻ ആണെങ്കിലും എൻെറ മനസ്സിന് ഏറ്റവും ഇഷ്ടപ്പെട്ട ഒരു രൂപകം നൽകിയത് സ്പാനിഷ് പണ്ഡിതനായ മസ്ക്കറോ അത്രേ. ഉപനിഷത്ത് 'ആത്മാവിൻെറ ഹിമാലയം' ആണെന്ന് ചിത്രീകരിക്കാൻ ഒരിന്ത്യൻ പണ്ഡിതന് തോന്നിയില്ലല്ലോ എന്ന ചെറുഖേദം ഉള്ളിൽ ഉണ്ടാകുമ്പോൾതന്നെ പാശ്ചാത്യർക്കുപോലും വിശ്വമഹിമാതിശയത്തെ സൂചിപ്പിക്കാൻ നമ്മുടെ (ഇക്ബാലിൻെറ 'ഹമാരാ')


**എൻെറ ജീവിതത്തിൽ നേരത്തെതന്നെ എഴുതാൻ നിശ്ചയിക്കപ്പെട്ട ഗ്രന്ഥമാണ് 'തത്ത്വമസി'. എങ്കിലും ഗ്രന്ഥരചനയെസംബന്ധിച്ച് ഏറെക്കാലമായി ഉള്ളിൽക്കിടന്ന ചിന്തയ്ക്ക് ഒരു ഉന്ത് കൊടുത്ത് ചലിപ്പിച്ചത് എം.ടി. യും എൻ.പി. മുഹമ്മദുമാണ്.**



സുകുമാർ അഴീക്കോടും എം.ടി. വാസുദേവൻ നായരും

ഹിമാലയമല്ലാതെ മറ്റൊരുപമാനമില്ലെന്ന് അറിയുന്നതിലെ സന്തോഷവും അനുഭവപ്പെടുന്നു എന്ന് തുറന്നു സമ്മതിക്കട്ടെ. പുസ്തകം എഴുതിത്തുടങ്ങിയ ഘട്ടത്തിൽ എഴുത്ത് മുന്നോട്ട് നീങ്ങാതെ തടഞ്ഞു നിന്നപ്പോൾ എല്ലാ തടസ്സങ്ങളും നീക്കാനും മനസ്സിൽ അടഞ്ഞുകിടന്ന വാതിലുകൾ എല്ലാം തുറക്കാനും ഈ ചിത്രം എനിക്ക് അധൃഷ്യമായ ഒരു പ്രചോദനമായിത്തീർന്നു. ആത്മാവിന്റെ ഹിമാലയം എന്നു കേൾക്കുമ്പോൾത്തന്നെ എന്റെ മനസ്സ് ചിന്തയുടെ ഏതുത്തുംഗതയും കയറിപ്പറ്റാൻ സന്നദ്ധമായിരുന്നു. ആ ലാഘവത്തിലാണ് ഒരു കവിത രചിക്കുന്ന ആനന്ദത്തോടെ ഗ്രന്ഥം എഴുതി പൂർത്തിയാക്കിയത്. ഈ കൃതിയുടെ ശൈലിയുടെ വശീകരണ ശക്തിയെപ്പറ്റി മുൻ മുഖ്യമന്ത്രി ശ്രീ. സി. അച്യുതമേനോൻ ഒരു നിരൂപണത്തിൽ എഴുതി. അത് സത്യമാണെന്ന് എനിക്കും തോന്നാതില്ല. ഒരു പുസ്തകത്തെ കൈകൂപ്പിനിന്നുകൊണ്ട് നിരൂപണം ചെയ്യുന്നത് അത്ര സാധാരണമല്ലല്ലോ. പക്ഷേ, വിമർശനത്തിൽ കൃതഹസ്തയായ ഡോ. ലീലാവതി ഈ ഗ്രന്ഥത്തെ നിരൂപണം ചെയ്തെഴുതിയ ലേഖനം ഒരു അഞ്ജലിയായിരുന്നു– 'ഇതിൻ നേർക്ക് നമസ്കരിക്ക്' എന്ന ശീർഷകം. ഋഷികളുടെ ധ്യാനഫലം എന്റെ പൊട്ടമലയാളത്തിന് മുൻപുണ്ടാകാത്ത കാന്തിയും കാമനീയകവും നൽകി. ഈ ഗ്രന്ഥം പ്രകാശനം ചെയ്യാനായി മാത്രം രംഗനാഥാനന്ദസ്വാമികൾ ഹൈദരാബാദിൽ നിന്ന് തൃശ്ശൂരിൽ വന്നു. മുണ്ടശ്ശേരി ഹാളിൽവെച്ച് രംഗനാഥാനന്ദസ്വാമികൾ പുസ്തകപ്രകാശനം നടത്തി ചെയ്ത പ്രഭാഷണത്തിലെ ഉജ്ജ്വലാംശങ്ങൾ ഉള്ളിൽ ഇന്നും തുളുമ്പിനിൽക്കുന്നു. പുസ്തകം പ്രകാശിപ്പിച്ചതിന്റെ മുഴുവൻ ഉത്തരവാദിത്വവും തൃശ്ശൂർക്കാരനായ ഡോ. ടി.ഐ. രാധാകൃഷ്ണൻ സ്വമേധയാ ഏറ്റെടുത്തതാണ്. നന്ദി അന്നു പറഞ്ഞെങ്കിലും ഇന്നും പറയുന്നു.

പുസ്തകത്തിന്റെ ഉടമാവകാശം പെട്ടെന്ന് കേരളം ഏറ്റെടുത്തതുപോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. കണ്ണൂരുതൊട്ട് തിരുവനന്തപുരം വരെ, വയനാട്ടിലും കോട്ടയത്തും എറണാകുളത്തുമൊക്കെ പുസ്തകം ചർച്ചചെയ്യപ്പെട്ടു. ഒരു വായനകൊണ്ട് സമ്പൂർണമായ സംതൃപ്തിയുളവാക്കുന്ന നോവലല്ലല്ലോ ഇത്. ഒരു വായനകൊണ്ട് മനസ്സിലായില്ലെങ്കിൽ വീണ്ടും വീണ്ടും വായിക്കാൻ തലയണയുടെ അടിയിൽ പുസ്തകംവെച്ച് വായിച്ചവരാണ് ഇതിന്റെ വായനക്കാർ മിക്കവരും. സത്യം പറയട്ടെ, മേലെ പുസ്തകത്തെക്കുറിച്ച് എന്റെ അഭിപ്രായമായി എഴുതിയ പലതും പരിണതപ്രജ്ഞരായ വായനക്കാരുടെ അഭിപ്രായങ്ങളുടെ മാറ്റൊലിയാണ്. മൂന്നുനാല് സുഹൃത്തുക്കൾ എനിക്കെഴുതി അയച്ച ചില അഭിപ്രായങ്ങൾ ചുവടെ ചേർക്കാം. സ്വന്തം അഭിപ്രായം തുറന്നുപറയുന്നവരും അതിശയോക്തിയും അമിത പ്രശംസയും ശീലമില്ലാത്തവരുമായ കുറച്ചുപേരെ തിരഞ്ഞെടുത്തതാണ്.



വി.കെ.എൻ.

(i) പ്രസിദ്ധീകരിച്ച ഉടനെത്തന്നെ ഗ്രന്ഥം വായിച്ച വി.കെ.എൻ. രണ്ടുമൂന്നു വാക്യം രണ്ടുവരിയിൽ അയച്ചുതന്നു: ''തത്ത്വമസി വായിച്ചു. മനസ്സിൽ ഒരു വാതായനം തുറന്നു. A considerable book.''

(ii) ആർ.എസ്.എസ്സിന്റെ മാർഗദർശിയായ പി. പരമേശ്വരന്റെ അഭിപ്രായം:

1. ''ഉപനിഷത്തുകളുടെ സന്ദേശം ഇത്ര സമഗ്രമായും സംക്ഷിപ്തമായും മനോഹരമായും മനസ്സിലാക്കിക്കൊടുക്കുന്ന ആദ്യത്തെ മലയാള പുസ്തകമാണ് ഇത്.

2. ... ഉപനിഷത്തുകളുടെ മഹിമ സജ്ജനസമക്ഷം അവതരിപ്പിക്കാൻ അങ്ങ് ചെയ്തിട്ടുള്ള സഫലപരിശ്രമത്തിന് സമാന്തരമായ മറ്റൊന്ന് വേറെ ഏതെങ്കിലും ഭാഷയിൽ ഉള്ളതായറിവില്ല.

3. സന്ദർഭത്തിനനുസരിച്ച് സൗന്ദര്യം, ഗാംഭീര്യം, ലാളിത്യം, കാവ്യാത്മകത മുതലായ ഗുണങ്ങൾ അനായാസേന ഇടകലർന്ന് പ്രതിഫലിക്കുന്നത് അമൂല്യമായ അനുഗ്രഹമാണ്.

4. എത്ര ചുരുങ്ങിയ കാലത്തിനുള്ളിലാണ് ഇത്തരമൊരു കനപ്പെട്ട ഗ്രന്ഥം എഴുതിത്തീർത്തതെന്നോർമിക്കുമ്പോൾ സരസ്വതീകടാക്ഷവും ധാരണാസാമർഥ്യവും എത്ര കണ്ടുണ്ടെന്ന് വ്യക്തമാകാതിരിക്കില്ല. വേദങ്ങൾ, ഭഗവത്ഗീത എന്നിവയെക്കുറിച്ചും അത്തരം ഓരോ ഗ്രന്ഥംകൂടി വന്നേ പറ്റൂ. അത് മറ്റാരിൽ നിന്നും പ്രതീക്ഷിക്കുന്നുമില്ല.''

**പ്രസിദ്ധീകരിച്ച ഉടനെത്തന്നെ ഗ്രന്ഥം വായിച്ച വി.കെ.എൻ. രണ്ടുമൂന്നു വാക്യം രണ്ടുവരിയിൽ അയച്ചുതന്നു: "തത്ത്വമസി വായിച്ചു. മനസ്സിൽ ഒരു വാതായനം തുറന്നു. A considerable book."**

(iii) സാഹിത്യകാരനായ മൂർക്കോത്ത് കുഞ്ഞപ്പയുടെ കത്ത്: ''ആ മഹദ്ഗ്രന്ഥത്തെപ്പറ്റി ആരു പറഞ്ഞാലും എനിക്ക് തൃപ്തിയാവില്ല. ഞാൻതന്നെ പറയണം. ശങ്കരാചാര്യരെയും മറ്റും വിമർശിച്ച ധൈര്യത്തിന് നമസ്കാരം. ആ മഹാന്മാരെ അശേഷം അനാദരിച്ചതായി വരുത്താതെ വിമർശിച്ചതിന് മറ്റൊരു നമസ്കാരം. ഉപനിഷത്തുകളെയും വേദാന്തത്തെയും ഇന്ത്യൻ സംസ്കാരത്തെയും ഇത്ര സരളമായും സമഗ്രമായും പ്രതിപാദിച്ചതിന് ഗ്രന്ഥകർത്താവ് ഭാരതീയ ഗുരുനാഥന്മാരുടെ സ്ഥാനത്ത് ഉപവിഷ്ടനായിരിക്കുകയാണ്.''

(iv) ഭരണകർത്താവായ എം.കെ.കെ. നായർ ഇങ്ങനെ എഴുതി: 'തത്ത്വമസി' മലയാളത്തിലെ ഒരപൂർവ ഗ്രന്ഥമാണ്. ഒന്ന് വായിച്ചാൽ പലതവണ വായിക്കാൻ പ്രേരിപ്പിക്കുന്ന ഒരമൂല്യകൃതി.''

(v) പ്രശസ്ത ഫിലിം ഡയറക്ടറായ കെ.എസ്. സേതുമാധവൻ എഴുതിയ കത്ത് (തർജമ) ഇതാണ്. ഞാൻ എന്തോ ചില പുസ്തകങ്ങൾ എഴുതിയ ആൾ മാത്രമാണെന്ന് ചില സിനിമാ നടന്മാർ പ്രസ്താവിച്ചതിന്റെ പശ്ചാത്തലത്തിൽ ഈ കത്ത് പ്രസക്തമാണ്:

''ഞാൻ 'തത്ത്വമസി' ഇപ്പോൾ വായിച്ചുതീർത്തതേയുള്ളൂ. എന്റെ സന്തോഷം, സംതൃപ്തി, ആഹ്ലാദം, ആനന്ദം ആവിഷ്കരിക്കാൻ വാക്കുകളില്ല.

ഇത്തരം വായനക്കാരുടെയെല്ലാം പേരിൽ, ഈ അദ്ഭുതാവഹമായ രത്നം ഞങ്ങൾക്ക് നല്കിയതിന്, താങ്കളുടെ മുൻപിൽ ഞങ്ങൾ ശിരസ്സു നമിക്കുന്നു.

ഒരു ഇംഗ്ലീഷ് വിവർത്തനം താങ്കൾ പ്രസിദ്ധീകരിക്കുമെന്ന് സ്നേഹപൂർവം പ്രത്യാശിക്കുന്നു.''

പുസ്തകം വന്ന ഉടനെ കോഴിക്കോട് പൗരാവലി എ

എൻ.പി. മുഹമ്മദും സുകുമാർ അഴീക്കോടും



ഫോട്ടോ: പുനലൂർ രാജൻ



ഫോട്ടോ മാതൃഭൂമി ആർക്കൈവ്സ്

'തത്ത്വമസി' ഗ്രന്ഥരചനയ്ക്ക് കാലിക്കറ്റ് സിറ്റിസൺസ് കമ്മിറ്റിയുടെ അവാർഡ് ഗവർണർ പി. രാമചന്ദ്രൻ സുകുമാർ അഴീക്കോടിന് നൽകുന്നു. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പള്ളി, തകഴി എന്നിവർ സമീപം

നിക്ക് അല്ല- ആ ഗ്രന്ഥത്തിന് ഒരു ആദരം നൽകി. ആദരം സമർപ്പിച്ച ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ പറഞ്ഞു: ആ സദസ്സിൽ ഒരു ബ്രാഹ്മണനുണ്ടെങ്കിൽ അത് ഞാനാണെന്ന്. പ്രശസ്തി പത്രം വായിച്ചുതരാനായി മാത്രം അന്നവിടെ വന്ന തകഴി എഴുതിയത് താൻ ധന്യനായെന്നു മാത്രമല്ല, അത് തന്റെ 'പരമഭാഗ്യം' കൂടിയാണെന്നാണ്. വിശ്വസിക്കാൻ പ്രയാസം; പന്ത്രണ്ടിലേറെ എണ്ണപ്പെട്ട പുരസ്കാരങ്ങൾ കിട്ടി. എങ്കിലും മേലെ ഉദ്ധരിച്ച തരത്തിലുള്ള അഭിപ്രായങ്ങൾ വീണ്ടും വീണ്ടും എന്നെ അഭിമാനപൂർണനാക്കുന്നു. പുരസ്കാരങ്ങൾ ഏതോ മൂലയ്ക്ക് കിടക്കുന്നു!

അവാർഡുകളെക്കാൾ എനിക്ക് ഇഷ്ടപ്പെട്ടത് നല്ല വായനക്കാരുടെ അഭിപ്രായപ്രകടനമാണെങ്കിൽ അത്തരം അഭിപ്രായങ്ങളെക്കാൾ എന്നെ ആശ്ചര്യപ്പെടുത്തുകയും ആഹ്ലാദിപ്പിക്കുകയും ചെയ്തത് സാധാരണ ജനങ്ങളുടെ ജീവിതത്തിലേക്ക് ഈ പുസ്തകം ഇറങ്ങിച്ചെന്നു എന്ന് സൂചിപ്പിക്കുന്ന ചില സംഭവങ്ങളാണ്. കാസർകോട് തൊട്ട് തിരുവനന്തപുരം വരെ അനേകം വീടുകൾക്ക് ഇപ്പോൾ 'തത്ത്വമസി' എന്ന പേരുണ്ട്. ജാതിമത ഭേദമില്ലാതെ ആ പേര് സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഭാരതത്തിലെ ഏറ്റവും ചിരന്തനമായ ഒരു സൂക്തവാക്യം സാധാരണ മനുഷ്യരുടെ വീട്ടുമുറ്റത്തുപോലും എന്തു പ്രേരണ കൊണ്ടെങ്കിലുമാകട്ടെ, പ്രതിധ്വനിക്കുന്നു. സാംസ്കാരികമായ മികച്ച ഒരടയാളമല്ലേ ഇത്? എന്റെ വീടിന് 'തത്ത്വമസി' എന്ന പേര് കൊടുക്കാൻ ധൈര്യം തോന്നുന്നില്ല.

ഈ പുസ്തകം പലതരം ചിന്താതരംഗങ്ങളെ സമൂഹത്തിൽ ഉയർത്തിയെന്നു പറയാൻ ധാരാളം തെളിവുണ്ട്. അതിനുമുൻപ് ശബരിമല ക്ഷേത്രത്തിന് മുന്നിൽ കാണപ്പെട്ടിരുന്ന 'തത്ത്വമസി' എന്ന ചതുരക്ഷരി വീടുകൾക്കു മുന്നിൽ എത്തുമ്പോഴാണ് അതിന്റെ സാഫല്യത്തിന് പ്രാപ്തി കൂടുന്നത്. ഏറ്റവുമൊടുവിൽ ആലപ്പുഴ-കുമരകം ജലമാർഗത്തിലോടുന്ന പുതിയൊരു ഗൃഹനൗകയ്ക്ക് (ഹൗസ് ബോട്ട്) ഈ പേരിട്ടിരിക്കുന്നുവെന്നറിഞ്ഞു. ആ പേര് സ്വീകരിക്കാൻ എന്താണ് അടിയിലുള്ള പ്രേരണയെന്ന് അറിയാൻ എനിക്ക് മാത്രമല്ല ആർക്കും താത്പര്യമുണ്ടാകും. ആത്മജ്ഞാനം ഒരു ബോട്ട് (തരണി) ആണെന്ന് ഉപനിഷത്തിൽ ഒരു ചിന്തയുണ്ട്. ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് തരണം ചെയ്യുന്നതുകൊണ്ട് തരണി എന്ന വാക്കുണ്ടാകുന്നു. ആത്മീയമായ തരണമാണ് ഇവിടെ ഉദ്ദേശ്യം. പ്രകൃതിസൗന്ദര്യത്തിന്റെ ഒരു ലോകത്തിലേക്ക് തരണം ചെയ്യിക്കുന്ന വാഹനത്തിനും തത്ത്വമസി എന്ന പേര് യോജിപ്പിക്കാം. 'തത്ത്വമസി' എന്ന പേരിനെക്കാൾ ആകർഷകമായ പേരുകൾ എത്രയോ കിടക്കെ വെറും വാണിജ്യതാത്പര്യമല്ല ഈ നാമകരണത്തിൽ കുടികൊള്ളുന്നത് എന്ന് സമ്മതിക്കാം.

അതൊക്കെയിരിക്കട്ടെ, 'തത്ത്വമസി'യുടെ ലക്ഷ്യം ഈ അതിവിശാലമായ മനുഷ്യലോകമാണ്. മലയാളത്തിൽ ഗ്രന്ഥം രചിക്കുമ്പോൾ ത്തന്നെ ഇതിന്റെ ചക്രവാളം കേരളത്തിൽ ഒതുങ്ങില്ലെന്ന് എനിക്കറിയാമായിരുന്നു. മലയാളത്തിൽ എഴുതിയത് എന്റെ ആത്മശോഭയുള്ള ഭാഷയിൽ എഴുതണം എന്ന വാശിയായിരുന്നു. ലോകാന്തമാണ് ഗ്രന്ഥത്തിന്റെ ചിന്താചക്രവാളമെങ്കിൽ അത് ഇംഗ്ലീഷിൽ വിവർത്തനം ചെയ്യപ്പെടണം എന്ന് സ്പഷ്ടമാണ്. അന്നേ അതിൽ ഞാൻ ശ്രദ്ധ ചെലുത്തുകയും ചെയ്തു. ഇംഗ്ലീഷിൽ നിഷ്ണാതരായ സുഹൃത്തുക്കളും പ്രൊഫസർമാരും പലപ്പോളായി വിവർത്തനത്തിൽ പ്രയത്നിക്കുകയുണ്ടായി. ചിലർ പകുതിയാക്കി നിർത്തി. രണ്ടുപേർ പൂർത്തിയാക്കിത്തന്നു. ഒന്ന് ആംഗലപ്രസാധകർ സ്വീകരിച്ചില്ല. മറ്റൊന്ന് ഭാഷാ പരിശോധകർ സമ്മതിച്ചുമില്ല.

**'ഞാൻ 'തത്ത്വമസി' ഇപ്പോൾ വായിച്ചുതീർത്തതേയുള്ളൂ. എന്റെ സന്തോഷം ആവിഷ്കരിക്കാൻ വാക്കുകളില്ല.' ഞാൻ എന്തോ ചില പുസ്തകങ്ങൾ എഴുതിയ ആൾ മാത്രമാണെന്ന് ചില സിനിമാ നടന്മാർ പ്രസ്താവിച്ചതിന്റെ പശ്ചാത്തലത്തിൽ ഡയറക്ടർ കെ.എസ്. സേതുമാധവന്റെ ഈ കത്ത് പ്രസക്തമാണ്.**

ഇപ്പോൾ ഭാഷയിലും വിഷയത്തിലും പ്രാഗല്ഭ്യമുള്ള എന്റെ സുഹൃത്തായ ഡോ. മൈക്കൽ പുത്തൻചേരി ഒരു ആംഗല തർജമ പൂർത്തിയാക്കിയിട്ടുണ്ട്. ഭാരതീയ-ക്രൈസ്തവ ചിന്തകളിൽ നിഷ്ണാതനും തത്ത്വചിന്തയിൽ ഡോക്ടറേറ്റ് നേടിയ വ്യക്തിയുമായ ഡോ. മൈക്കലിന്റെ പരിശ്രമം ഫലം കാണുമെന്ന് ഞാൻ വിശ്വസിക്കുന്നു. അമേരിക്കയിൽ പ്രസിദ്ധീകരിക്കാനും ആളുണ്ട്. തത്ത്വമസി അമേരിക്കൻ വായനക്കാർക്കുവേണ്ടി അല്പമൊന്ന് ലഘൂകരിക്കേണ്ടിവരില്ലേ എന്നൊരു സംശയം ഉണ്ടായിട്ടുണ്ട്. അത് പരിഹരിക്കാവുന്നതേയുള്ളൂ.

കെ.എസ്. സേതുമാധവൻ



*(തുടരും)*